ഭരണഭാഷാ മാതൃഭാഷ

നം.എഎച്ച്ഡി./09/2020-കെ3

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം -33
ഫോൺ : 0471 -2302283
ഇമെയിൽ : directorah.ker@nic.in
തീയതി :23/01/2020

## സർക്കുലർ

വിഷയം:- മൃഗസംരക്ഷണ വകുപ്പ് - സീനിയർ ക്ലാർക്ക് പ്രൊമോഷൻ - യോഗ്യതയുള്ള ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഉത്തരവം

സീനിയർ ക്ലാർക്കായി പ്രൊമോഷൻ ലഭിക്കുന്നതിന് യോഗ്യതയുള്ള ക്ലാർക്ക്മാരുടേയും ക്ലാർക്ക് ടൈപ്പിസ്റ്റ്മാരുടേയും (ക്ലാർക്ക് തസ്തികലേക്കുള്ള ഓപ്ഷൻ അംഗീകരിച്ച് ഉത്തരായിട്ടുള്ളവർ മാത്രം) വിശദമായ വിവരങ്ങൾ <u>05/02/2020</u> - ന് മുമ്പായി ഈ ആഫീസിൽ ലഭ്യമാക്കുവാൻ നിർദേശിക്കുന്നു. **ജീവനക്കാർ ക്ലാർക്ക്/ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തീയതി , നിലവിലെ ആഫീസ് മേൽവിലാസം, പി.എസ്.സി. അഡ്വൈസ് ലെറ്റർ, നിയമന ഉത്തരവ്, സർവ്വീസ് ക്രമപ്പെടുത്തിയ തീയതി, പരീവീക്ഷാകാലം പൂർത്തിയക്കിയ തീയതി, വകുപ്പ് തല യോഗ്യതാ പരീക്ഷ പാസ്സായത്, അച്ചടക്ക നടപടി സംബന്ധിച്ച വിവരങ്ങൾ ടുടങ്ങിയ വിവരങ്ങൾ വ്യക്തമായി നൽകേണ്ടതാണ്. വകുപ്പ് തല യോഗ്യതാ പരീക്ഷ പാസ്സായതിൽ ഒരോ പേപ്പറുകളും പാസ്സായ തീയതിയും രജിസ്റ്റർനമ്പറും പ്രത്യേകം വ്യക്തമാക്കേണ്ടതാണ്.** സീനിയർ ക്ലാർക്കായി പ്രൊമോഷൻ ലഭിക്കുന്നതിന് യോഗ്യതയില്ലാത്ത ജീവനക്കാരുടെ വിവരങ്ങൾ അയക്കേണ്ടതില്ല. 50 വയസ്സ് കഴിഞ്ഞ ജീവനക്കാർക്ക് വകുപ്പ് തല യോഗ്യതാ പരീക്ഷ പാസ്സാകുന്നതിൽ ഇളവുണ്ട്. എന്നാൽ ഇവർ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ജീവനക്കാരുടെ വിവരങ്ങളും നൽകേണ്ടതാണ്.

2019 ജൂലൈ മാസം നടത്തിയ വകുപ്പ് തല പരീക്ഷയുടെ ഫലം 02/12/2019 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം യോഗ്യത നേടിയവരുടെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലായെങ്കിൽ ബന്ധപ്പെട്ട പരീക്ഷ പാസ്സായ വിവരം അടങ്ങിയ പി എസ് സി വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന പകർപ്പ് നിയന്ത്രണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അയച്ചുതരേണ്ടതാണ്. ടി ജീവനക്കാർ പി എസ് സിയിൽ നിന്നും എത്രയും വേഗം സർട്ടിഫിക്കറ്റ് വാങ്ങി ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്. ഇതിനോടകം വകുപ്പ് തല പരീക്ഷ പാസ്സായവർ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഇതുവരെ ഡയറ്കടറേറ്റിലേയ്ക്ക് സമർപ്പിച്ചിട്ടില്ലായെങ്കിൽ ആയതും ആവശ്യപ്പെട്ട റിപ്പോർട്ടിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

ജീവനക്കാർ വകുപ്പ് തല പരീക്ഷകൾ പാസ്സായ വിവരം യഥാസമയം വകുപ്പിനെ അറിയിക്കാത്തതുമൂലം പ്രൊമോഷൻ നഷ്ടപ്പെടുകയാണെങ്കിൽ അവരുടെ അപേക്ഷകൾ അടുത്ത് വരുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ പരഗണിക്കുവാൻസാധിക്കുകയുള്ളൂ.

ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി നല്കുന്നതിനും, സമയപരിധിയ്ക്കുള്ളിൽ നല്കുന്നതിനും നിയന്ത്രണോദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ് . ഈ ആഫീസിലേയ്ക്ക് മുമ്പ് നല്കിയിട്ടുള്ള യോഗ്യത പരീക്ഷ പാസ്സായ ജീവനക്കാരുടെ വിവരങ്ങൾ വീണ്ടും നൽകേണ്ടതാണ്. ഭാഗികമായി വകുപ്പ് തല പരീക്ഷകൾ പാസ്സായവരുടെ (പ്രൊമോഷന് അർഹതയില്ലാത്തവരുടെ) വിവരം റിപ്പർട്ടിൽ ഉൾപ്പെടുത്തരുത്.

Signature Not Verified
Digitally signed by Asha Nalarajan J
Date: 2020.01.23 16:22:56 IST
Reason: Approved

അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ്
ഡയറക്ടർക്കുവേണ്ടി

എല്ലാ വകുപ്പതല ഉദ്യോഗസ്ഥർക്കും
വകുപ്പിലെ എല്ലാ ക്ലാർക്ക്/ ക്ലാർക്ക് ടൈപ്പിസ്റ്റുമാർക്കും (നിയന്ത്രണോദ്യഗസ്ഥർ മുഖാന്തിരം)
സി.എ (ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ)

അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ് 1&2, അക്കൗണ്ട്സ് ആഫീസർ
ഐ.ടി – വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
സ്റ്റോക്ക്ഫയൽ